**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2859** **10-03-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ ചെക് പോസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നാട്ടാനകളെ കടത്തൽ അടക്കമുള്ള വനകുറ്റങ്ങൾ തടയുന്നതിലേക്കായി അന്തർ സംസ്ഥാന അതിർത്തിയായ പാറശ്ശാലയിൽ പ്രവർത്തിച്ചിരുന്ന വനം വകുപ്പ് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് അവസാനിപ്പിച്ചതെന്നും, പ്രസ്തുത നടപടി സ്വീകരിക്കാനുണ്ടായ കാരണമെന്തെന്നും വ്യക്തമാക്കാമോ; | (എ) | അന്തർ സംസ്ഥാന അതിർത്തിയായ പാറശ്ശാലയിൽ പ്രവർത്തിച്ചിരുന്ന വനംവകുപ്പ് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.03.2023-ലെ പ്രൊ(8)-19802/15 (കേരള ഗസറ്റ് നമ്പർ 13 തീയതി 28.03.2023) നമ്പർ ഉത്തരവ് പ്രകാരമാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി ചെക്ക്പോസ്റ്റ് സ്ഥിതി ചെയ്തിരുന്ന നാഷണൽ ഹൈവേയ്ക്ക് സമാന്തരമായി നിരവധി റോഡുകൾ നിലവിലുള്ളതിനാൽ, വനസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രസ്തുത ചെക്ക്പോസ്റ്റിന് കാര്യമായ പങ്ക് ഇല്ലാത്തതിനാലാണ് പാറശ്ശാലയിലെ വനം ചെക്ക്പോസ്റ്റ് നിർത്തലാക്കിയത്. |
| (ബി) | മേല്പറഞ്ഞ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനു ശേഷം യാതൊരുവിധ പരിശോധനയും ഇല്ലാതെ വനവിഭവങ്ങൾ നിർലോഭം കടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അടിയന്തരമായി പ്രസ്തുത ചെക്ക് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത ചെക്ക്പോസ്റ്റ് പുനഃസ്ഥാപിക്കുവാനുള്ള തീരുമാനം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ